കെ.എസ്.എ-കെ.ടി.എം.പി11/1790/2016
തീയതി:03.12.2016

# കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.11.2015 മുതൽ 31.03.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി സിനി എം.വി., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 8.11.2016 മുതൽ 16.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി രേഖ ആർ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | | ശ്രീമതി സുധ ജേക്കബ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി ശ്രീലത ആർ.ബി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.ശിവരാജ് പി. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ജോസഫ് ചാമക്കാല | 01.04.15 മുതൽ 31.10.2015 വരെ |
| | ശ്രീമതി മോനിമോൾ ജയ്മോൻ | 19.11.2015 മുതൽ 31.03.16 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.ഡേവിഡ് പി.ജോൺ | 01.04.15 മുതൽ 31.7.2015 വരെ |
| | ശ്രീ.എസ്.രാമചന്ദ്രൻ പിള്ള | 1.8.15 മുതൽ 31.03.16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കെ.ആർ.രാധാകൃഷ്ണൻ നായർ | 01.04.15 മുതൽ 7.8.15 വരെ |
| | | 08.08.15 മുതൽ 19.08.15 വരെ ആർക്കും ചാർജ്ജില്ല |
| | ശ്രീ.തങ്കച്ചൻ സി.എം. | 20.8.15 മുതൽ 24.9.15 വരെ |
| | ശ്രീ.ചന്ദ്രൻ ആർ. | 25.9.15 മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.അജിത് കെ. | 01.04.15 മുതൽ 9.4.15 വരെ |
| | ശ്രീ.നിബു കുര്യൻ | 10.4.15 മുതൽ 21.05.15 വരെ |
| | ശ്രീമതി സബിത എസ്.വാലുങ്കൽ | 22.05.15 മുതൽ 22.06.15 വരെ |
| | ശ്രീ.അനീഷ് എസ്.നായർ | 23.6.15 മുതൽ 20.7.15 വരെ |
| | ശ്രീമതി റജിമോൾ പി.പി. | 21.7.15 മുതൽ 28.12.15 വരെ |
| | ശ്രീ.നടരാജസുന്ദരം വി.എൻ. | 28.12.15 മുതൽ 31.3.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജിത്ത് ജോൺ മാത്യു | 01.04.15 മുതൽ 3.01.16 വരെ |
| | ഡോ.മുഹമ്മദ് സുനിൽ | 4.1.16 മുതൽ 31.3.16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി മഞ്ജുഷ ആർ.എസ്. | 01.04.15 മുതൽ 19.06.15 വരെ |
| | ശ്രീമതി.ഗീത അലക്സാണ്ടർ | 20.06.15 മുതൽ 2.12.15 വരെ |
| | ശ്രീ.ശ്യാംകുമാർ എസ്.എൽ. | 2.12.15 മുതൽ 31.3.16 വരെ |
| വി.ഇ.ഒ | ശ്രീ.രതീഷ് ആർ.നായർ | 1.4.15 മുതൽ 31.03.16 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ജയലക്ഷ്മി എൻ. | 01.04.15 മുതൽ 26.4.15 വരെ |
| | ശ്രീമതി ഇന്ദു എസ്.വി. | 27.4.15 മുതൽ 29.9.15 വരെ |
| | ശ്രീമതി ദിവ്യ എസ്.മോഹൻ | 30.9.15 മുതൽ 4.03.16 വരെ |
| | ശ്രീമതി ദീപ്തി ബി.എൻ. | 5.3.16 മുതൽ 31.03.16 വരെ |
| ഐ.സി.ഡി.എസ്. | ശ്രീമതി ഗിരിജാകുമാരി റ്റി.കെ. | 01.04.15 മുതൽ 02.6.15 വരെ |

| | | |
|---|---|---|
| സൂപ്പർവൈസർ | ശ്രീമതി പ്രിയാകുമാരി കെ. | 03.6.15 മുതൽ 18.01.16 വരെ |
| | ശ്രീമതി വിജയലക്ഷ്മി വി.എ. | 18.01.16 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.ശാന്തി പി.ജോൺ | 01.04.15 മുതൽ 30.06.15 വരെ |
| | ഡോ.ഓമന കെ.കെ. | 01.7.15 മുതൽ 11.08.15 വരെ |
| | ഡോ.രേഖ ആർ. | 12.08.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.ശ്രീകുമാർ പി.എഫ്. | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.മെറിൻ വർഗ്ഗീസ് | 01.04.15 മുതൽ 31.03.16 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി ശോഭന എസ്. | 01.04.15 മുതൽ 31.03.16 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| | ഭാഗം 1 പൊതു അവലോകനം |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനതുവരുമാനം |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |

| | |
|---|---|
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വാർഷികകണക്കുകളുടെ അവലോകനം |
| 2-2 | ഡി.സി.ബി.തയ്യാറാക്കുന്നതിൽ അപാകത |
| 2-3-1 | വസ്തുനികുതി നിർണ്ണയം-അപാകതകൾ |
| 2-3-2 | വസ്തുനികുതി-കുറവായി നിർണ്ണയിച്ചത് |
| 2-3-3 | വിമുക്തഭടന്മാർക്കുള്ള വസ്തുനികുതി ഇളവ് - മാർഗ്ഗനിർദ്ദേശങ്ങൾ പാലിയ്ക്കാത്തത് |
| 2-3-4 | അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ അപൂർണ്ണം |
| 2-4-1 | സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല |
| 2-4-2 | സഹകരണ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-5-1 | ഉയർന്ന വിറ്റുവരവുള്ള വാണിജ്യങ്ങൾക്ക് പരമാവധി ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ് ഈടാക്കിയില്ല |
| 2-5-2 | അബ്കാരി ഷാപ്പുകൾ ഡി & ഒ ട്രേഡ് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു |
| 2-5-3 | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ഡി & ഒ ട്രേഡ് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു |
| 2-6 | വാടക സെക്യൂരിറ്റി നിക്ഷേപം-കണക്കുകളിൽ അപാകത |
| 2-7 | പരസ്യനികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചില്ല |
| 2-8 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നില്ല |
| 2-9 | കൊയ്ത്തു മെതിയന്ത്രം, ട്രാക്ടർ-ട്രില്ലർ-ഉപയോഗവും കണക്കുകളും സുതാര്യമല്ല |
| | ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |

| | |
|---|---|
| 3-1 | വെള്ളക്കരം |
| 3-2 | വിൻഡോ പരസ്യം നൽകിയില്ല |
| 3-3 | ഇ.എം.എസ്.ഭവനപദ്ധതി ഗുണഭോക്താക്കൾ തിരിച്ചടച്ച തുക തനതുഫണ്ടിൽ അവശേഷിക്കുന്നു |
| 3-4 | വാഴക്കൃഷി വികസനം പദ്ധതി-സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിയ്ക്കാത്തത് |
| 3-5 | വിനിയോഗ സാക്ഷ്യപത്രമില്ല-തുക തടസ്സപ്പെടുത്തുന്നു |
| 3-6 | ചിത്തിര കുടിവെള്ള പദ്ധതി-അധികച്ചെലവ് |
| 3-7 | ആശ്രയ പദ്ധതി |
| 3-8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| | ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2015-16 |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ 2015-16 |

| | |
|---|---|
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2015-16 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 16.02.2016 തീയതിയിലെ 1 (2)- തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 27,35,815 | 2,53,67,338 | 2,26,31,523 | |
| വരവ് | 9,84,55,695 | 5,10,86,159 | | 4,73,69,536 |
| ആകെ | 10,11,91,510 | 7,64,53,497 | | 2,47,38,013 |
| ചെലവ് | 7,59,51,444 | 6,25,56,284 | | 1,33,95,160 |
| നീക്കിയിരിപ്പ് | 2,52,40,066 | 1,38,97,213 | | 1,13,42,853 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2016 | 14.716 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,53,67,338 |
| വരവ് | 5,10,86,159 |
| ആകെ | 7,64,53,497 |
| ചെലവ് | 6,25,56,284 |
| നീക്കിയിരിപ്പ് | 1,38,97,213 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 27,91,243 | 1,01,16,487 | 12907730 | 1,29,07,730 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 11,72,290 | 38,34,192 | 5006482 | 50,06,482 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 2,83,000 | 1,50,000 | 433000 | 4,33,000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 11,30,715 | 1,08,23,566 | 11954281 | 1,19,54,281 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 11,76,457 | 20,55,793 | 3232250 | 32,32,250 | 0 | 100 |
| 13-ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 31,21,938 | 76,77,532 | 10799470 | 1,07,99,470 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 36,94,000 | 30,65,850 | 6759850 | 67,59,850 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 247 | 9,33,72,724 | 191 | 4,83,70,956 | - | 56 | 77.32% |

നേട്ടങ്ങൾ

തൻവർഷം ഉല്പാദന മേഖലയിൽ പമ്പ് സെറ്റ് വിതരണം, നെൽവിത്ത് വിതരണം, വാഴകൃഷി വികസനം, കന്നുകുട്ടി പരിപാലനം, മുട്ടക്കോഴി വിതരണം, കാലിത്തൊഴുത്ത് നിർമ്മാണം, സേവനമേഖലയിൽ അങ്കണവാടി പോഷകാഹാര വിതരണം, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, കിണർ നിർമ്മാണം, വികലാംഗർക്ക് ഭവനനിർമ്മാണം, സ്ട്രീറ്റ്ലൈറ്റ് മെയിന്റനൻസ് എന്നിവയും പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്- പ്രൊഫഷണൽ കോഴ്സുകൾക്ക് പാലിയേറ്റീവ് കെയർ പശ്ചാത്തല മേഖലയിൽ വിവിധ വാർഡുകളിലെ റോഡ് കോൺക്രീറ്റിംഗ്, ടാറിംഗ്, സംരക്ഷണഭിത്തി നിർമ്മാണം, അയർക്കുന്നം എൽ.പി.സ്കൂൾ മെയിന്റനൻസ്, വാർഡ് 1, 6, 16 എന്നിവിടങ്ങളിലെ അങ്കണവാടികളുടെ മെയിന്റനൻസ്, അയർക്കുന്നം ബസ് സ്റ്റാൻഡ് റീടാറിംഗ്, ബസ് സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷൻ നവീകരണം, എന്നിവയുൾപ്പെടെ പല പദ്ധതികളും നടപ്പാക്കുകയുണ്ടായി.

കോട്ടങ്ങൾ

പൊതുശ്മശാനം നിർമ്മിക്കുന്നതിനായി 5,00,000 രൂപ വകയിരുത്തിയെങ്കിലും നടപ്പാക്കിയില്ല. ആശ്രയ ഭവനനിർമ്മാണ പദ്ധതി നടപ്പിലായില്ല. വിവിധ വാർഡുകളിലെ പൈപ്പ്ലൈൻ നീട്ടൽ പൈപ്പ്കമ്പോസ്റ്റ്, സീറോ വേയ്സ്റ്റ് മാനേജ്മെന്റ് പദ്ധതി, ഖരമാലിന്യനിർമ്മാർജ്ജനം എന്നീ പ്രോജക്ടുകളും നടപ്പാക്കിയില്ല. പട്ടികജാതിവിഭാഗത്തിൽ 13 പ്രോജക്ടുകൾ ആവിഷ്കരിച്ചെങ്കിലും 7 എണ്ണം മാത്രമാണ് നടപ്പിലാക്കാനായത്. ഈ വിഭാഗത്തിലെ വീടിന് സ്ഥലം വാങ്ങൽ, ഭവനനിർമ്മാണം, ഹരിജൻ കോളനി കമ്മ്യൂണിറ്റി ഹാൾ നവീകരണം എന്നിവയും, പട്ടികവർഗ്ഗവിഭാഗത്തിൽ ആവിഷ്കരിച്ച 9 പ്രോജക്ടുകളിൽ വികലാംഗർക്ക് പെട്ടിക്കട, സോളാർ റാന്തൽ വിതരണം എന്നീ പ്രോജക്ടുകളും നടപ്പാക്കിയില്ല.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 50,94,432 | 48,36,758 | 2,57,674 | 5.05% കുറവ് |
| നികുതിയേതര വരവുകൾ | 7,81,820 | 11,30,388 | 3,48,568 | 44.58% കൂടുതൽ |
| മറ്റുവരവുകൾ | 3,24,152 | 5,33,401 | 2,09,249 | + 64.55 |
| ആകെ | 62,00,404 | 65,00,547 | 8,15,491 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,22,040 | 77 |
| കർഷകതൊഴിലാളി പെൻഷൻ | 394<br>7,100 | 474 |
| വിധവാപെൻഷൻ | 11,84,800 | 1152 |
| വാർദ്ധക്യകാലപെൻഷൻ | 44,44,800 | 1628 |
| വികലാംഗപെൻഷൻ | 34,70,475 | 357 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.11.16 /3.30 pmന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4299/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നു. വൗച്ചറുകൾ മാസാടിസ്ഥാനത്തിൽ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വൗച്ചറുകളിലെ ചെലവുകളെ സാധൂകരിക്കുന്ന അനുബന്ധ രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമാണ്. വിമുക്തഭടൻമാർക്കുള്ള വസ്തുനികുതി ഇളവ് സംബന്ധിച്ച രജിസ്റ്റർ പൂർണ്ണമല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.10.16 | 9/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6.12.14 - | 08-09 to 13-14 | 2.1.15 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

1)26.7.11ലെ ജി.ഒ.(എംഎസ്) 152/11 നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2)നികുതി/നികുതിയേതര വരവിന്റെ യഥാർത്ഥ കണക്കുകൾ ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല

3) ബി-12 ഷെഡ്യൂൾ പ്രകാരം സ്ഥിരനിക്ഷേപമിനത്തിലുള്ള 1000/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

4) ബി-7 ഷെഡ്യൂൾ പ്രകാരമുള്ള കോൺട്രാക്ടേഴ്സ് ഇഎംഡി തുകയും ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകയും പൊരുത്തപ്പെടുന്നില്ല.

5) ബസ് സ്റ്റാന്റ് വരവ്(സാംഖ്യ കണക്ക് ശീർഷകം-140500112) ഇനത്തിലുള്ളത് 85000/- രൂപയും രജിസ്റ്റർ പ്രകാരം 130000/- രൂപയുമാണ്.

6) ലോറി,ടാക്സി പാർക്കിങ്ങിനും ടോൾ (സാംഖ്യ കണക്ക് ശീർഷകം-140500114) ഇനത്തിൽ 15,300 രൂപ ധനകാര്യ പത്രികയിലുള്ളത് രജിസ്റ്റർ പ്രകാരം 39800/- രൂപയുമാണ്. ശീർഷകം മാറി അക്കൗണ്ടു ചെയ്തതിനാൽ ലേലത്തുകയിനത്തിലെ യഥാർഥ കണക്ക് ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല.

7) ബിൽ കളക്ടർമാർ ക്യാമ്പ് കളക്ഷനായി മാന്വൽ രസീത് ഉപയോഗിച്ച് പിരിക്കുന്ന തുക ഓരോന്നും ഇന്ററപ്റ്റഡ് രസീതായി സാംഖ്യയിൽ ചേർക്കുന്നില്ല. ഇത് പ്രകാരമുള്ള ഒരു ദിവസത്തെ ആകെ കളക്ഷൻ തുക മാത്രമാണ് സാംഖ്യയിൽ രസീത് ചെയ്യുന്നത് എന്നതിനാൽ ഓരോ നികുതിദായകന്റെയും വിശദാംശങ്ങൾ സാംഖ്യയിൽ അക്കൗണ്ടു ചെയ്യപ്പെടുന്നില്ല.

## 2-2 ഡി.സി.ബി തയ്യാറാക്കുന്നതിൽ അപാകത

വസ്തു നികുതി, സ്ഥാപനങ്ങൾ ട്രെയ്ഡേഴ്സ് തുടങ്ങിയവരുടെ തൊഴിൽ നികുതി, ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികളിൽ നിന്നുള്ള വാടക, ഡി & ഒ ലൈസൻസ് ഫീസ് തുടങ്ങിയ ഇനങ്ങളുടെ വിശദമായ ഡി.സി.ബി പത്രിക തയ്യാറാക്കുന്നില്ല. ഡിമാന്റ് രജിസ്റ്ററിലെ വരവുകളുടെ ആകെത്തുക കണക്കാക്കാതെ വാർഷിക ധനകാര്യ പത്രികയിലെ വിശദാംശങ്ങൾ മാത്രം ചേർത്ത് ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കുക മാത്രമാണ് നിലവിൽ ചെയ്തിരിക്കുന്നത്. മേൽപറഞ്ഞ വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള വരുമാനം ഇനം തിരിച്ച് രേഖപ്പെടുത്തി ആകെത്തുക കണക്കാക്കിയാണ് ഡി.സി.ബി പത്രിക തയ്യാറാക്കേണ്ടത്. ടി പത്രികയിൽ നിന്നും ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കി സാംഖ്യയിലെ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തുകയാണ് ചെയ്യേണ്ടത്. കൂടാതെ ഡിമാന്റ് രജിസ്റ്ററുകളിൽ നികുതിദായകന്റെയും അടവാക്കിയ നികുതിയുടെയും എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്താനും ശ്രദ്ധിക്കേണ്ടതാണ്.

## 2-3-1 വസ്തുനികുതിനിർണയം-അപാകതകൾ

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സഞ്ചയ റെവന്യൂ മൊഡ്യൂൾ- പ്രോപ്പർട്ടി ടാക്സ്- പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1- വിവേകാനന്ദ ട്രസ്റ്റ്, തിരുവഞ്ചൂർ (15/476), പൂർണിമ മഹിളാസമാജം ( 18/73) എന്നീ സ്ഥാപനങ്ങളെ വിദ്യാഭ്യാസാവശ്യത്തിനുള്ളവ എന്ന ഗണത്തിൽപ്പെടുത്തി 5- നിരക്കിലാണ് വസ്തുനികുതി നിർണയിച്ചിരിയ്ക്കുന്നത്. ടി സ്ഥാപനങ്ങൾ ഇതേ ആവശ്യത്തിന് ഉപയോഗിയ്ക്കുന്നവയാണോ എന്ന് വ്യക്തമാക്കേണ്ടതാണ്.

2- വൈ.എം.സി.എ,പുന്നത്തുറ (2/391),രമ്യ ആർട്സ് ക്ലബ് (9/93) എന്നിവയെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയവയുടെ പട്ടികയിൽപ്പെടുത്തിയിരിയ്ക്കുന്നു.

3- ചിത്തിര ആശുപത്രി, സെന്റ് ജൂഡ് ആശുപത്രി എന്നിവയിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല.

ഇവ സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിനു (നം.11) പരിശോധിച്ച് നികുതി ഈടാക്കുന്നതാണെന്ന മറുപടി നൽകി. തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 2-3-2 വസ്തുനികുതി- കുറവായി നിർണയിച്ചത്

ശ്രീ.ജോൺ മത്തായി, വഴനത്തോട്ടത്തിൽ, അമയന്നൂർ എന്നയാൾ വാണിജ്യാവശ്യത്തിനുപയോഗിയ്ക്കുന്ന 6 മുറികളിൽ 13/199 A,B,C,D,E എന്നീ മുറികൾക്ക് 100 $m^2$ ൽ കൂടുതൽ തറവിസ്തീർണ്ണമുള്ള

വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കു ബാധകമായ നിരക്കായ 50- ചുമത്തിയിട്ടുണ്ടെങ്കിലും ടിയാളുടെ 13/199 നം മുറിയ്ക്ക് 100 $m^2$ ൽ കുറഞ്ഞ നിരക്കായ 30- ആണ് ചുമത്തിയിരിയ്ക്കുന്നത് (നിർണയിച്ച നികുതി-(50 ച.മീ.) 1500(PT)+75(LC)+150(ST)=1725). ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം.11)നികുതി പുനർനിർണയിയ്ക്കു ന്നതാണെന്നു മറുപടി നൽകി. തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-3-3 വിമുക്തഭടൻമാർക്കുള്ള വസ്തുനികുതി ഇളവ്- മാർഗ്ഗനിർദ്ദേശങ്ങൾ പാലിയ്ക്കാത്തത്-

വിമുക്തഭടൻമാരുടെ ഭവനത്തിന് വസ്തുനികുതി ഒഴിവാക്കുന്നതു സംബന്ധിച്ച അപേക്ഷകൾ എല്ലാവർഷവും സ്വീകരിയ്ക്കുന്നുണ്ടെങ്കിലും ഇവരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ തൻവർഷം ലഭിച്ച അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടികളുടെ കൃത്യമായ വിവരം ലഭ്യമായില്ല. ഇളവ് അനുവദിയ്ക്കുന്നതു സംബന്ധിച്ച ജി.ഒ.(എം.എസ്).242/2013/തസ്വഭവ/2.7.13 ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിയ്ക്കേണ്ടതാണ്.

## 2-3-4 അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ അപൂർണ്ണം

ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിക്കുന്നില്ല. ഇത് അനധികൃത നിർമ്മാണങ്ങൾക്കെതിരെ യഥാസമയം നടപടി സ്വീകരിക്കാതെയും, ക്രമവൽക്കരിക്കാതിരിക്കുന്നതിനും കാരണമാകുന്നു.

ഈ സാഹചര്യം ഒഴിവാക്കുന്നതിന് 19.05.2014-ലെ 29342/ആർ.എ.1/2014/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ സർക്കുലറിലെ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. നിലവിലെ രജിസ്റ്ററിൽ അബ്രഹാം, കല്ലോലിയ്ക്കൽ, അമയന്നൂർ (10/UA-102A) 3 മുറി എന്നു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മറ്റു വിശദാംശങ്ങളൊന്നുമില്ല.

രജിസ്റ്റർ പൂർണ്ണമാക്കേണ്ടതും ചട്ടലംഘനം പരിഹരിച്ച ശേഷം നിർമ്മാണം ക്രമവൽക്കരിക്കുമ്പോൾ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 2-4-1 സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

പഞ്ചായത്ത് പരിധിയിൽ 1958-ലെ കേരള മണി ലെൻഡേഴ്സ് നിയമം പ്രകാരമുള്ള ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ 2015-16 വർഷം പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ടി സ്ഥാപനങ്ങളെ സംബന്ധിച്ച പരാമർശം ഉണ്ടായിരുന്നെങ്കിലും തൻവർഷവും അവ ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു (ആധാരം-www.keralataxes.gov.in).

| ക്രമ നം. | ലൈസൻസ് നം. | ഡീലറുടെ പേര് | സ്ഥാപനത്തിന്റെ പേരും വിലാസവും |
|---|---|---|---|
| 1 | 32050437636 | ശങ്കുണ്ണി | ചേലക്കാട്ട് ഫിനാൻസിയേഴ്സ്-<br>ചേലക്കാട്ട് ബിൽഡിങ്ങ്, അയർക്കുന്നം |
| 2 | 32050416611 | ചിറപ്പുറത്ത് ബാങ്കേഴ്സ് | ചിറപ്പുറത്ത് ബാങ്കേഴ്സ്-<br>ചിറപ്പുറത്ത് ബിൽഡിങ്ങ്, അയർക്കുന്നം |

| | | | |
|---|---|---|---|
| 3 | 32050499286 | സുനിൽമോൻ കെ.എം. | ഡി.ജെ ഫിനാൻസിയേഴ്സ്-<br>പറച്ചിറമറ്റം ബിൽഡിങ്ങ്, അയർക്കുന്നം |
| 4 | 32050454365 | കണയിൻകിഴക്കേൽ | കരാട്ടെ ഫീനാൻസ്, ഗ്രാമ പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലെക്സ് മുറി നം.4, അയർക്കുന്നം |
| 5 | 32050433463 | കിടങ്ങൂർ ബാങ്കേഴ്സ് | കിടങ്ങൂർ ബാങ്കേഴ്സ്-<br>കുന്നപ്പാലയിൽ ബിൽഡിങ്ങ്, അയർക്കുന്നം |
| 6 | 32050422044 | ജോയ്സ് ജോസഫ് | കൊറ്റത്തിൽ ക്രഡിറ്റ് & ഇൻവെസ്റ്റ്മെന്റ്-<br>പത്തിക്കൽ ബിൽഡിങ്ങ്- ബി.എസ്.എൻ.എൽ-ന് സമീപം, അയർക്കുന്നം |
| 7 | 32050436589 | റ്റി.എസ്.സുരേഷ്കുമാർ | മഹാലക്ഷ്മി ഫിനാൻസ്-<br>താഴത്തേക്കുറ്റു ബിൽഡിങ്ങ്, അയർക്കുന്നം |
| 8 | 32050463949 | തോമസ് | നെല്ലമ്പുഴ ബാങ്കേഴ്സ്-<br>കടത്തുമാക്കിൽ ബിൽഡിങ്ങ്-ഇല്ലിമൂല, അയർക്കുന്നം |
| 9 | 32050417509 | രാജു | നെല്ലമ്പുഴ മഹാലക്ഷ്മി ഫിനാൻസ്-<br>വെല്ലീയേലിൽ ബിൽഡിങ്ങ്, അയർക്കുന്നം |
| 10 | 32050416699 | റെനി | പി.എൽ ഫിനാൻസിയേഴ്സ്-<br>കടത്തുങ്കിൽ ബിൽഡിങ്ങ്-ഇല്ലിമൂല, അയർക്കുന്നം |
| 11 | 32050442621 | ബൈജു | താടമുറിയിൽ ബാങ്കേഴ്സ്-<br>ചിക്കുസ് പ്ലാസ, അയർക്കുന്നം |
| 12 | 32050411885 | മാത്യു | തെങ്ങുംപ്ലാക്കൽ ബാങ്കേഴ്സ്-<br>കൊരങ്ങേൽ ബിൽഡിങ്ങ്, അയർക്കുന്നം |
| 13 | 32050405427 | വർഗീസ് | ഉട്ടമ്പനാട്ട് ഫിനാൻസിയേഴ്സ്-<br>പുത്തൻപുരയിൽ ബിൽഡിങ്ങ്, അയർക്കുന്നം |
| 14 | 32050451981 | സജീവ് | വിക്ടറി ഫിനാൻസിയേഴ്സ്- |

| | | | |
|---|---|---|---|
| | | | വെട്ടുവേലിൽ ബിൽഡിങ്ങ്, അയർക്കുന്നം |

മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 205-ാം വകുപ്പ് പ്രകാരം ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതിയും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി ജീവനക്കാരുടെ തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചതായി കാണുന്നു. ഈ വിഷയത്തിലുള്ള ഓഡിറ്റ് അന്വേഷണത്തിന്(നം.2/09.11.2016) പഞ്ചായത്ത് നൽകിയ മറുപടിയിൽ എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി നികുതി ചുമത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ എല്ലാ സ്ഥാപനങ്ങളെയും നികുതി ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും നികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-4-2 സഹകരണ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സഹകരണ ബാങ്കുകളുടെ ശാഖകൾ, സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ത.സ്വ.ഭ.വ സെക്രട്ടറി എസ്.ബി.ടി. ജനറൽ മാനേജർക്ക് അയച്ച 27.11.1998-ലെ 46915/എൽ.297 നം. കത്തിൽ ഒരു ഗ്രാമ/നഗര പ്രദേശത്ത് ഒരു ബാങ്കിന്റെ ഒന്നിലേറെ ശാഖകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഓരോ ശാഖയും പ്രത്യേകം സ്ഥാപന തൊഴിൽ നികുതി ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2015-16 വർഷത്തെസ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനങ്ങൾ |
|---|---|
| 1 | അയർക്കുന്നം സർവ്വീസ് സഹകരണ ബാങ്ക്- അയർക്കുന്നം ടൗൺ, കൊങ്ങാണ്ടൂർ, അമയന്നൂർ, നീറിക്കാട് ശാഖകൾ |
| 2 | പുന്നത്തുറ സർവ്വീസ് സഹകരണ ബാങ്ക്-കൊങ്ങാണ്ടൂർ ശാഖ |
| 3 | ക്ഷീരോൽപാദക സഹകരണ സംഘം-കൊങ്ങാണ്ടൂർ,ആറുമാനൂർ, തിരുവഞ്ചൂർ, ഒറവയ്ക്കൽ, പുന്നത്തുറ |
| 4 | അയർക്കുന്നം ലേബേഴ്സ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി-ഇല്ലിമൂല |
| 5 | അയർക്കുന്നം അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി |
| 6 | കാർഷിക വികസന ബാങ്ക്-അയർക്കുന്നം |

ക്രമ നം.3 മുതൽ 6 വരെ സൂചിപ്പിച്ച സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്തതിനാൽ ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയില്ല. ഈ വിഷയത്തിലുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.9/14.11.2016) പഞ്ചായത്ത് മറുപടി നൽകിയില്ല. മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5-1 ഉയർന്ന വിറ്റുവരവുള്ള വാണിജ്യങ്ങൾക്ക് പരമാവധി ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ് ഈടാക്കിയില്ല

ഡി & ഒ ട്രേഡ് ലൈസൻസിനായി 2015-16 വർഷം 311 അപേക്ഷകളാണ് ലഭിച്ചത് (ഡി & ഒ ട്രേഡ് ലൈസൻസ് രജിസ്റ്റർ പ്രകാരം). ഏതാനും ചില അപേക്ഷകളിൽ മാത്രമാണ് പൂർണ്ണമായ വിവരങ്ങളും ട്രെയ്ഡറുടെ ഒരു ദിവസത്തെ ശരാശരി വിറ്റുവരവും അനുബന്ധരേഖകളും ഉൾപ്പെടുത്തിയിട്ടുള്ളത്. 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം അപേക്ഷകളിൽ പഞ്ചായത്ത് ഉദ്യോഗസ്ഥൻ സ്ഥലപരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ടിൽ ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളായ ശരാശരി വിറ്റുവരവ്, യന്ത്രസാമഗ്രികളുടെ കുതിരശക്തി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ചില അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് ഇല്ലാതെ ലൈസൻസ് നൽകിയതായും കാണുന്നു. ഉയർന്ന വിറ്റുവരവുള്ള വാണിജ്യ/വ്യവസായങ്ങൾക്ക് മേൽചട്ടപ്രകാരമുള്ള പരമാവധി ലൈസൻസ് ഫീസ് (4000/- രൂപ) ചുമത്താത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമ/ അപേക്ഷ നം. | വാണിജ്യം/വ്യവസായം | അപേക്ഷ പ്രകാരം ദിവസ വിറ്റുവരവ് | ഈടാക്കിയ ലൈസൻസ് ഫീസ് | സ്ഥല പരിശോധന റിപ്പോർട്ടിലെ വിശദാംശം |
|---|---|---|---|---|
| ജോൺ തോമസ്, വാതപ്പള്ളിൽ അപേക്ഷ നം.147 | പെട്രോളിയം ഉൽപ്പന്നം, അയർക്കുന്നം പെട്രോളിയം | 50000/- | 1000/- | റിപ്പോർട്ട് ഇല്ല |
| സെബാസ്റ്റ്യൻ ജോർജ്, വല്യേലിൽ അപേക്ഷ നം.180 | വല്യേലിൽ പെട്രോളിയം | 25000/- | 1000/- | റിപ്പോർട്ടിൽ വിറ്റുവരവ് ചേർത്തിട്ടില്ല. |
| ലിസിമോൾ മാത്യു, ഒറവയ്ക്കൽകാലായിൽ, മാലം അപേക്ഷ നം.177 | പാവിങ് ടൈൽ, സിമന്റ് ബ്ലോക്ക് നിർമ്മാണം | രേഖപ്പെടുത്തിയിട്ടില്ല | 1000/- | റിപ്പോർട്ട് ഇല്ല |
| കെ.ജെ.ജോസഫ്, കിഴക്കേടത്തുകുന്നേൽ, അയർക്കുന്നം. അപേക്ഷ നം.297 | പാറമട, കരിങ്കൽ ക്വാറി | 4000/- | 2000/- | റിപ്പോർട്ടിൽ വിറ്റുവരവ് ചേർത്തിട്ടില്ല. |
| വി.പി.സജീന്ദ്രൻ, | പ്രിയദർശിനി ഇൻഡേൻ | രേഖപ്പെടുത്തിയിട്ടില്ല | 500/- | റിപ്പോർട്ടിൽ |

| | | | | |
|---|---|---|---|---|
| വള്ളോത്യാമല, ആനിക്കാട് ഈസ്റ്റ് അപേക്ഷ നം.107 | സർവ്വീസ്, എൽ.പി.ജി ഗ്യാസ് ഏജൻസി | | | വിറ്റുവരവ് ചേർത്തിട്ടില്ല. |

പഞ്ചായത്ത് പരിധിയിലുള്ള ടെയ്ഡേഴ്സിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കിയില്ല. പഞ്ചായത്ത് വെബ്സൈറ്റിലുള്ള ലിസ്റ്റിൽ ആകെ 267 ടെയ്ഡേഴ്സ് ആണ് ഉള്ളത്. വാർഡ് അടിസ്ഥാനത്തിൽ വ്യാപാരികളുടെ ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് നൽകാത്തതിനാൽ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വ്യാപാരസ്ഥാപനങ്ങളും ലൈസൻസോട് കൂടിയാണ് പ്രവർത്തിക്കുന്നതെന്ന് സ്ഥിരീകരിക്കാൻ സാധ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (നം.6/11.11.2016) മറുപടി ലഭിച്ചില്ല. ടെയ്ഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ പുതുക്കി തയ്യാറാക്കേണ്ടതാണ്. അപേക്ഷകളിന്മേലുള്ള സ്ഥലപരിശോധന റിപ്പോർട്ട് എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്(ശരാശരി പ്രതിദിന വിറ്റുവരവ്). ഉയർന്ന വിറ്റുവരവുള്ള ക്വാറികൾ, പെട്രോൾ ബങ്കുകൾ, ഗ്യാസ് ഏജൻസി, ജ്വവലറികൾ തുടങ്ങിയവക്ക് പരമാവധി ലൈസൻസ് ഫീസ് ചുമത്തേണ്ടതാണ്. മേൽ വിവരിച്ച സ്ഥാപനങ്ങളിൽ അന്വേഷണം നടത്തി യഥാർഥ വിറ്റുവരവിന് ആനുപാതികമായി ലൈസൻസ് ഫീസ് ചുമത്തേണ്ടതാണ്.

## 2-5-2 അബ്കാരി ഷാപ്പുകൾ ഡി & ഒ ട്രേഡ് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

അയർക്കുന്നം പഞ്ചായത്ത് പരിധിയിൽ ആകെ 14 അബ്കാരി ഷാപ്പുകൾ പ്രവർത്തിക്കുന്നതായി പഞ്ചായത്ത് അധികൃതർ 09.11.2016, 10.11.2016 തീയതികളിൽ നടത്തിയ പ്രാദേശിക പരിശോധനാ റിപ്പോർട്ട് വ്യക്തമാക്കുന്നു. എന്നാൽ 2015-16 വർഷം ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം അബ്കാരി ഷാപ്പുകൾ ലൈസൻസ് ഡിമാന്റിൽ ഉൾപ്പടുത്തിയിട്ടില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം-3, 1-ാം പട്ടികയിലെ ഇനം 139 എന്നിവ പ്രകാരം അബ്കാരി ഷാപ്പുകൾക്ക് ഡി & ഒ ലൈസൻസ് നൽകേണ്ടതാണ്. ഉയർന്ന വിറ്റുവരവുള്ള ടി സ്ഥാപനങ്ങൾ നികുതി/ലൈസൻസ് പരിധിയിൽ ഉൾപ്പെടാത്തതിനാൽ ലൈസൻസ് ഫീസിനത്തിലും ടി സ്ഥാപനങ്ങളുടെയും അവിടെ തൊഴിൽ ചെയ്യുന്ന ജീവനക്കാരുടെയും തൊഴിൽ നികുതിയിനത്തിലും പഞ്ചായത്തിന് വരുമാന ചോർച്ച സംഭവിക്കുന്നു. ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിനാൽ മേൽചട്ടങ്ങളുടെ ലംഘനവും സംഭവിക്കുന്നു.

പഞ്ചായത്ത് പരിധിയിലുള്ള അബ്കാരി ഷാപ്പുകളുടെ ലൈസൻസ്, തൊഴിൽ നികുതി എന്നിവയിലുണ്ടായ നഷ്ടത്തിന് വിശദീകരണം ആവശ്യപ്പട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.4/10.11.2016) ലഭ്യമാക്കിയ മറുപടിയിൽ നഷ്ടം കണക്കാക്കി കുടിശിക ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വിറ്റുവരവിന് ആനുപാതികമായി ലൈസൻസ് ഫീസ്, വരുമാനത്തിനനുസരിച്ച് തൊഴിൽ നികുതി എന്നിവ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5-3 സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ഡി & ഒ ട്രേഡ് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരം ആകെ 19 എണ്ണം സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിലുള്ളതായി കാണുന്നു. 2015-16 വർഷം 15 സ്ഥാപനങ്ങൾ 1997-ലെ കേരള പഞ്ചായത്ത്

രാജ്(സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനങ്ങൾക്ക് തൻവർഷം ഡി & ഒ ലൈസൻസ് നൽകിയില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം-3, 1-ാം പട്ടികയിലെ ഇനം 142 പ്രകാരം സ്വകാര്യ ആശുപത്രികൾക്കും ഇനം 143 പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും മെഡിക്കൽ ലാബുകൾക്കും ഡി & ഒ ലൈസൻസ് നൽകേണ്ടതാണ്. ഉയർന്ന വിറ്റുവരവുള്ള ടി സ്ഥാപനങ്ങൾ ലൈസൻസ് പരിധിയിൽ ഉൾപ്പെടാത്തതിനാൽ ലൈസൻസ് ഫീസിനത്തിൽ റവന്യൂ നഷ്ടവും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിനാൽ മേൽചട്ടങ്ങളുടെ ലംഘനവും സംഭവിക്കുന്നു.

ഈ വിഷയത്തിലുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.7/11.11.2016) മറുപടി ലഭിച്ചില്ല. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അവയുടെ രജിസ്ട്രേഷൻ ക്രമീകരിക്കേണ്ടതാണ്. ടി സ്ഥാപനങ്ങളെ മേൽവിവരിച്ച ചട്ടങ്ങൾ പ്രകാരം ഡി & ഒ ലൈസൻസ് ഡിമാന്റിൽ ഉൾപ്പെടുത്തി ലൈസൽസ് നൽകേണ്ടതും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്. നടപടിക്രമങ്ങൾ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 വാടക സെക്യൂരിറ്റി നിക്ഷപം-കണക്കുകളിൽ അപാകത

2015-16 വർഷം പഞ്ചായത്ത് ഉടമസ്ഥതയിലുള്ള പഴയ ഷോപ്പിങ്ങ് കോംപ്ലക്സ്, പുതിയ ഷോപ്പിങ്ങ് കോംപ്ലക്സ്, മാർക്കറ്റിലെ മുറികൾ ഉൾപ്പടെ ആകെ 34 മുറികൾ വിവിധ കുത്തകക്കാർക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരം വാടകയിനത്തിൽ 637105/- രൂപ ഡിമാന്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് വക കെട്ടിടം വാടകയ്ക്ക് ഉപയോഗിക്കുന്നതിനുള്ള സെക്യൂരിറ്റി നിക്ഷേപ കണക്കുകളിൽ അപാകത നിലനിൽക്കുന്നു. 2015-16 വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ വാടക നിക്ഷേപം ഇനത്തിൽ ആകെ 1793/- രൂപയാണ് ബാധ്യതയായി നിലനിൽക്കുന്നത്(സാംഖ്യ കണക്ക് ശീർഷകം-340200101). വാടക ഡിമാന്റ് രജിസ്റ്ററിൽ സെക്യൂരിറ്റി നിക്ഷേപത്തിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. സെക്യൂരിറ്റി നിക്ഷേപം മാസവാടകയ്ക്ക് ആനുപാതികമായി നിശ്ചയിക്കേണ്ടതും ടി തുക കുത്തകക്കാർ കരാർ ഒഴിയുമ്പോൾ അവരുടെ ബാദ്ധതകൾ ക്രമീകരിക്കുന്നതിന് പര്യാപ്തവുമാകേണ്ടതുമാണ്. വാർഷിക കണക്കു പ്രകാരമുള്ള സെക്യൂരിറ്റി നിക്ഷേപ കണക്കിൽ അപാകതയുള്ളതിനാൽ ഈടാക്കിയ സെക്യൂറിറ്റി നിക്ഷേപം എത്രയാണെന്ന് വ്യക്തമല്ല (വാർഷിക കണക്കുപ്രകാരം 6.37 ലക്ഷം രൂപ വാർഷിക വാടക ലഭിക്കുന്ന 34 മുറികൾക്ക് പഞ്ചായത്ത് ഫണ്ടിലുള്ള സെക്യൂരിറ്റി നിക്ഷപ തുക 1793/- രൂപ) . പഞ്ചായത്ത് വക കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള വ്യവസ്ഥകൾ പ്രസ്താവിക്കുന്ന ബൈ-ലോ നിലവിലില്ല.

മേൽവിവരിച്ച അപാകതകൾ ചൂണ്ടിക്കാട്ടി സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.1/09.11.2016) ലഭ്യമാക്കിയ വിശദീകരണം തൃപ്തികരമല്ല. വാടക വിഷയത്തിൽ വ്യക്തമായ വ്യവസ്ഥകളുള്ള ബൈ-ലോ തയ്യാറാക്കേണ്ടതും വാടകയ്ക്ക് നൽകുന്ന നടപടികൾ ആയതിന് അനുസൃതമായി ക്രമീകരിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിക്കപ്പെടുന്നതിലേക്കായി വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു. സെക്യൂരിറ്റി നിക്ഷേപമിനത്തിൽ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന തുക എത്രയാണെന്ന് കണ്ടെത്തി പ്രസ്തുത കണക്കുകളിലെ അപാകത പരിഹരിക്കേണ്ടതാണ്. എല്ലാ കുത്തകക്കാരിൽ നിന്നുമുള്ള സെക്യൂരിറ്റി നിക്ഷേപതുക അവർ കുത്തക അവസാനിപ്പിച്ച് ഒഴിഞ്ഞുപോകുമ്പോൾ ബാധ്യതകൾ തട്ടിക്കിഴിക്കാൻ പര്യാപ്തമാണെന്ന് ഉറപ്പാക്കേണ്ടതാണ്. വാടക നിക്ഷേപത്തുകയിൽ കാലാകാലങ്ങളിൽ വർദ്ധനവ്(വാടക നിരക്കിന് ആനുപാതികമായി) വരുത്താനുള്ള വ്യവസ്ഥയും ബൈ-ലോയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-7 പരസ്യ നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചില്ല

അയർക്കുന്നം ടൗൺ, മണർകാട് റോഡ്, കിടങ്ങൂർ റോഡ്, തിരുവഞ്ചൂർ റോഡ്, മറ്റക്കര റോഡ്,

പാറേവളവ് ജംഗ്ഷൻ, അമയന്നൂർ, ആറുമാനൂർ തുടങ്ങിയ പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ നിരവധി പരസ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിൽ പരസ്യങ്ങൾ പതിക്കുന്നതിനുള്ള കുത്തക ലേലം ചെയ്ത ഇനത്തിൽ 10,100 രൂപ വരവ് ലഭിച്ചിട്ടുണ്ട്.(വാർഷിക കണക്ക് സാംഖ്യ ശീർഷകം- 110300(01)) എന്നാൽ പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-209 പ്രകാരമുള്ള പരസ്യ നികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പരസ്യ നികുതി ചുമത്തുന്നതിന് കുറഞ്ഞ നികുതി സംബന്ധിച്ച നിർദ്ദേശങ്ങൾ 25.07.2002 ലെ സ.ഉ.(പി).128/02/തസ്വഭവ ഉത്തരവിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾ ചേർത്ത് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ ബൈ-ലോ തയ്യാറാക്കി പരസ്യ നികുതി ചുമത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-8 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നില്ല

1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരം പഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ സ്ഥാപിക്കാൻ പാടില്ല. ചട്ടം-5 പ്രകാരം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപായി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. 2015-16 വർഷം ഒരു ട്യൂട്ടോറിയൽ സ്ഥാപനവും രജിസ്റ്റർ ചെയ്തതായി കാണുന്നില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും ടി വിഷയത്തിലുള്ള അപാകത ചൂണ്ടിക്കാണിച്ചിരുന്നു. വാർഷിക ധനകാര്യ പത്രികയിൽ ഈയിനത്തിൽ വരവ് ഇല്ല. പഞ്ചായത്ത് പരിധിയിലുള്ള ഏതാനും ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | ജി-ടെക്ക് കമ്പ്യൂട്ടർ സ്റ്റഡി സെന്റർ, അയർക്കുന്നം |
| 2. | സിഗ്മ സ്റ്റഡി സെന്റർ, അയർക്കുന്നം |
| 3. | ആൽഫ സ്റ്റഡി സെന്റർ, അയർക്കുന്നം |
| 4. | ജ്യോതിസ് അക്കാദമി, അയർക്കുന്നം |
| 5. | ഗ്ലോബൽ ഐ.റ്റി സൊലൂഷൻസ്, അയർക്കുന്നം |

ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നതിനാൽ രജിസ്ട്രേഷൻ ഫീസ് സ്ഥാപനങ്ങുടെയും ജീവനക്കാരുടെയും തൊഴിൽ നികുതിയിനത്തിലും പഞ്ചായത്തിന് വരുമാന ചോർച്ചയുണ്ടാകുകയും മേൽ ചട്ടങ്ങളുടെ ലംഘനവും നടക്കുന്നു. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം നടത്തി വിശദ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 കൊയ്ത്തുമെതിയന്ത്രം, ട്രാക്ടർ-ട്രില്ലർ-ഉപയോഗവും കണക്കുകളും സുതാര്യമല്ല

പഞ്ചായത്തിന്റെ ആസ്തികളായ കൊയ്ത്തുമെതിയെന്ത്രം, ട്രാക്ടർ-ട്രില്ലർ എന്നിവയുടെ ഉപയോഗം, വാടക, മെയിന്റനൻസ് തുടങ്ങിയ വിഷയങ്ങളിലും അവയുടെ മേൽനോട്ടത്തിനും ബൈ-ലോ തയ്യാറാക്കിയിട്ടില്ല. 2015-16 വർഷം കൊയ്ത്തുമെതിയെന്ത്രം ഉപയോഗിച്ചതിന് വാടകയിനത്തിൽ 47502/- രൂപയും ട്രാക്ടർ

വാടകയായി 9000/- രൂപയും ലഭിച്ചിട്ടുണ്ട്. ഡ്രൈവർമാർ പഞ്ചായത്ത് പ്രത്യേകം പ്രിന്റ് ചെയ്ത രസീത് ബുക്ക് ഉപയോഗിച്ചാണ് വാടക പിരിക്കുന്നത്. യന്ത്രങ്ങളുടെ പരിപാലനം, ഇന്ധനം തുടങ്ങിയ ചെലവുകൾ കിഴിച്ചുള്ള തുകയാണ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നത്. യന്ത്രങ്ങളുടെ ഉപയോഗവിവരങ്ങൾ രേഖപ്പെടുത്തുന്ന ലോഗ് ബുക്ക് സൂക്ഷിക്കാത്തതിനാൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ഇതിൽനിന്നും പഞ്ചായത്തിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമല്ല ടി ആസ്തികൾ കൈകാര്യം ചെയ്യുന്നത് എന്ന വസ്തുത സ്ഥിരീകരിക്കുന്നു.

ഈ വിഷയത്തിലുള്ള അപാകതകൾ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചെങ്കിലും നാളിതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. കൊയ്ത്തുമെതിയന്ത്രം, ട്രാക്ടർ-ട്രില്ലർ എന്നിവ വാടകയ്ക്കു നൽകുന്നതിനും, വാടക ഈടാക്കുന്നതിനുമായി വ്യക്തമായ വ്യവസ്ഥകളുള്ള ബൈ-ലോ അടിയന്തിരമായി തയ്യാറാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ബൈ-ലോയിലെ വ്യവസ്ഥകൾക്കനുസരിച്ച് മേൽപറഞ്ഞ ആസ്തികളുടെ ഉപയോഗം ക്രമീകരിക്കേണ്ടതാണ്. യന്ത്രങ്ങളുടെ ഉപയോഗം രേഖപ്പെടുത്തുന്ന ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. വരുമാനം ലഭിക്കുന്ന തുക യഥാസമയം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതും ചെലവുകൾ പഞ്ചായത്ത് ഫണ്ടിലൂടെ നടത്തി അക്കൗണ്ടിങ്ങിലെ സുതാര്യത ഉറപ്പാക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വെള്ളക്കരം

വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും സംയുക്തപരിശോധനയിലൂടെ പഞ്ചായത്ത് പരിധിയിൽപ്പെട്ട പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ (ജി.ഒ.ആർ.ടി.2242/11/ത.സ്വ.ഭ.വ./28.9.2011)എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. മാസം തോറും വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസനുസരിച്ചുള്ള തുക (307 ടാപ്പുകൾക്ക് ഏകദേശം 134313 രൂപയോളം) വെള്ളക്കരമായി ഒടുക്കുന്നുണ്ട്. എന്നാൽ ടാപ്പുകളിൽ ഒട്ടുമിക്കവയും പ്രവർത്തിയ്ക്കാത്തവയും പൊട്ടിപ്പൊളിഞ്ഞവയുമാണെന്ന് ബോധ്യപ്പെട്ടതിനാൽ സംയുക്ത പരിശോധന നടത്തുന്നതിന് 26.9.16ലെ VI(B)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നല്കിയെങ്കിലും നടപടിയൊന്നുമുണ്ടായില്ല. ആയതിനാൽ പഞ്ചായത്തിലെ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും വെള്ളക്കരമിനത്തിൽ ഒടുക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കേണ്ടതും, ടാപ്പുകളുടെ വാർഡ് തിരിച്ചുള്ള കണക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

### 3-2 വിൻഡോ പരസ്യം നല്കിയില്ല

ദർഘാസ് പരസ്യങ്ങൾ പൂർണരൂപത്തിൽ പ്രസിദ്ധീകരിക്കാതെ അടിസ്ഥാനവിവരങ്ങൾ മാത്രം ഉൾക്കൊള്ളുന്ന വിൻഡോ പരസ്യങ്ങൾ പത്രങ്ങളിൽ പ്രസിദ്ധീകരിച്ച് അവയുടെ പൂർണരൂപം പഞ്ചായത്ത് നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും ലഭ്യമാക്കിയാൽ മതിയെന്നും പൊതുഭരണ(ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്-ഡി) വകുപ്പിന്റെ ജി.ഒ.(പി) 01/04/ഐ&പി.ആർ./1.1.04 നമ്പർ ഉത്തരവിൽ നിർദേശിച്ചിരുന്നു. ടി ഉത്തരവിൽ വിൻഡോ ദർഘാസ് പരസ്യങ്ങൾ 3സെ.മീ. x 2കോളം (8 സെന്റീമീറ്റർ) വലിപ്പത്തിലായിരിക്കണം എന്നും നിർദ്ദേശിച്ചിരുന്നു. 2015-16ൽ പരസ്യങ്ങളുടെ ചാർജ്ജിനത്തിൽ 17920 രൂപ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പരസ്യങ്ങളുടെ ഉള്ളടക്കം നിർദിഷ്ട വിൻഡോ മാതൃകയിലായിരുന്നുവെങ്കിലും സർക്കാർ ഉത്തരവിൽ നിർദേശിച്ചിരുന്ന വലിപ്പത്തിൽ(3സെ.മീ. x 2കോളം) അല്ല പരസ്യം പ്രസിദ്ധീകരിച്ചത്.

| ദിനപത്രം | പരസ്യത്തിന്റെ വലിപ്പം | സർക്കാർ നിർദ്ദേശ | പത്രം ഈടാക്കിയ | നൽകിയ തുക | സർക്കാർ ഉത്തരവ് | അധികമായി നൽകിയ | ബിൽ നം./ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | പ്രകാരം നൽകാവുന്ന വലിപ്പം | നിരക്ക് | (രൂപ) | പ്രകാരം നൽകാവുന്ന തുക | തുക | തീയതി |
| മംഗളം | 8x10=80 സെ.മീ. | 8 സെ.മീ.x3 സെ.മീ.=24 സെ.മീ. | 70 | 5600 | 1680 | 3920 | 229/15-16 /17.7.15 |
| രാഷ്ട്രദീപിക | 8x10=80 സെ.മീ. | 8 സെ.മീ.x3 സെ.മീ.=24 സെ.മീ. | 70 | 5600 | 1680 | 3920 | 230/15 /17.7.15 |
| മംഗളം | 8x7=56 സെ.മീ. | 8 സെ.മീ.x3 സെ.മീ.=24 സെ.മീ. | 120 | 6720 | 2880 | 3840 | 632/15 |
| ആകെ | | | | | | 11680 | |

മേൽ വിവരിച്ചതിൻ പ്രകാരം പഞ്ചായത്തിന് 11680 രൂപയുടെ അധികച്ചെലവുണ്ടായതായി കാണുന്നു. ഈ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ആയതിനാൽ ഭാവിയിൽ പത്രങ്ങളിൽ പരസ്യം നൽകുമ്പോൾ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകാത്ത വിധത്തിൽ വിൻഡോ പരസ്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ഇ.എം.എസ് ഭവനപദ്ധതി ഗുണഭോക്താക്കൾ തിരിച്ചടച്ച തുക തനതുഫണ്ടിൽ അവശേഷിക്കുന്നു

ഇ.എം.എസ് ഭവനപദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും ധനസഹായം കൈപ്പറ്റിയ 2 ഗുണഭോക്താക്കൾ വീടും സ്ഥലവും കൈമാറ്റം ചെയ്യുന്നതിനായി അവർക്ക് ലഭിച്ച ധനസഹായം പലിശയുൾപ്പെടെ 3,68,311 രൂപ തിരിച്ചടച്ചത് തനത്ഫണ്ടിൽ അവശേഷിക്കുന്നു.നിലവിൽ ഇ.എം.എസ് ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ളതിനാലും വികസനഫണ്ടിൽ നിന്നുള്ള ചെലവായതിനാലും ടി തുക നിശ്ചിത ഹെഡ്ഡിൽ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-4 വാഴക്കൃഷിവികസനം പദ്ധതി- സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിയ്ക്കാത്തത്

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വാഴക്കൃഷി വികസനം പ്രോജക്ട് (നം.എസ്0004/16) പ്രകാരം 91 ഗുണഭോക്താക്കൾക്ക് രാസവളത്തിനുള്ള സബ്സിഡി നൽകി (വികസനഫണ്ട്-150000- ബിൽനം.AKM/05/15-16/23.12.15). ജി.ഒ.(എം.എസ്.) 362/2013/16.11.13 സബ്സിഡി മാർഗ്ഗരേഖ പ്രകാരം വിത്ത്- തൈ വിതരണം ഉൾപ്പെടെയുള്ള വയാണ് പദ്ധതിയിലുൾപ്പെടുത്തേണ്ടതെങ്കിലും വളം സബ്സിഡി നൽകൽ മാത്രമായി പ്രോജക്ട് ചുരുക്കി. ഇത് സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-5 വിനിയോഗസാക്ഷ്യപത്രമില്ല- തുക തടസ്സപ്പെടുത്തുന്നു

ചുവടെ കൊടുത്തിരിക്കുന്ന ചെലവുകൾ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്ട് നം./ പേര് | നിർവ്വഹണോദ്യോഗസ്ഥൻ | തുക കൈപ്പറ്റിയ സ്ഥാപനം/വ്യക്തി | ചെലവ് തുക | ബിൽ/ഡി.ഡി.നം./ തീയതി |
|---|---|---|---|---|---|
| 1 | പ്രോജക്ട് നം.S0005/16. കന്നുകുട്ടി പരിപാലനം | വെറ്ററിനറി സർജൻ | പ്രോജക്ട് ഓഫീസർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം | 668750-<br>331250- | 056110/28.9.15<br>059607/29.3.16 |
| 2 | പ്രോജക്ട് നം.S0235/16. തെരുവുനായ വന്ധ്യംകരണം പദ്ധതി | " | ജില്ലാപ്പഞ്ചായത്ത്, കോട്ടയം | 2,00,000 | 056374/3.10.15 |
| 3 | പ്രോജക്ട് നം.S0154/16. ഐ.എ.വൈ. വിഹിതം(എസ്.സി.പി) | അസിസ്റ്റന്റ് സെക്രട്ടറി | ബ്ലോക്ക് പഞ്ചായത്ത്, പള്ളം | 4,60,000 | 057884/15.2.16 |
| 4 | പ്രോജക്ട് നം 262/16<br>ഐ.എ.വൈ. വിഹിതം(എസ്.സി.പി) | സെക്രട്ടറി | ,, | 73,00,000 | ഡി.ഡി.നം. 060607/4.4.16 |
| 5 | പ്രോജക്ട് നം 261/16<br>ഐ.എ.വൈ. വിഹിതം(എസ്.സി.പി) | ,, | ,, | 80,000 | ഡി.ഡി.നം. 060608/4.4.16 |
| 6 | പ്രോജക്ട് നം 264/16<br>ഐ.എ.വൈ. വിഹിതം(എസ്.സി.പി) | ,, | ,, | 3,00,000 | ഡി.ഡി.നം. 060611/4.4.16 |
| 7 | സ്ട്രീറ്റ് മെയിൻ വലിക്കൽ | | കെ.എസ്.ഇ.ബി. | | ഡി.ഡി. നം.759844-759850/<br>25.7.15 |
| 8 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | കെ.എസ്.ഇ.ബി. | | വൗച്ചർ നം. 21500958/<br>18.3.16 |

| | | | | | |
|---|---|---|---|---|---|
| | ആകെ | | | 97,45,703 | |

## 3-6 ചിത്തിര കുടിവെള്ള പദ്ധതി- അധികച്ചെലവ്

പഞ്ചായത്തിലെ ചിത്തിര കുടിവെള്ള പദ്ധതിയുടെ എല്ലാ ചെലവുകളും പഞ്ചായത്ത് തന്നെ വഹിക്കുന്നതായി കാണുന്നു. വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവ ഉൾപ്പെടെ തൻവർഷം ആകെ 85,000 ത്തോളം രൂപ ചെലവായിട്ടുണ്ട്. എന്നാൽ കുടിവെള്ള ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് പിരിഞ്ഞുകിട്ടിയത് കേവലം 47,550 രൂപ മാത്രമാണ്.

സ.ഉ.(സാ) നമ്പർ 1275/2009/ത.സ്വ.ഭ.വ., 30.5.2009 പ്രകാരം എല്ലാ കുടിവെള്ള പദ്ധതികളും ഗുണഭോക്തൃസമിതിയ്ക്ക് കൈമാറേണ്ടതും പഞ്ചായത്ത് ബാധ്യതയിൽ നിന്നും ഒഴിവാകേണ്ടതുമാണ്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നല്കിയ മറുപടിയിൽ കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താക്കളുടെ യോഗത്തിൽ പഞ്ചായത്ത് ഓഫീസിലും, അയർക്കുന്നം സി.എച്ച്.സി യിലും, കോടതി ഉത്തരവ് പ്രകാരമുള്ള വീടുകളിലും ജലം സൗജന്യമായാണ് നല്കുന്നതെന്നും, ടി പദ്ധതിയിലെ ജലം കുടിയ്ക്കാൻ മോശമാണെന്നും അഭിപ്രായപ്പെട്ട സാഹചര്യത്തിൽ -ബ്ലോക്ക്-ജില്ലാ പഞ്ചായത്തിന്റെ സംയുക്തസംരംഭത്തോടെ 50 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് രൂപീകരിച്ചിട്ടുണ്ടെന്നും നിർമ്മാണം പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് അത് ഗുണഭോക്തൃസമിതിയ്ക്ക് കൈമാറുന്നതാണെന്നും അറിയിച്ചു.

## 3-7 ആശ്രയ പദ്ധതി

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ ഒന്നാം ഘട്ട ആശ്രയപദ്ധതിയുടെ കാലയളവ് 2004 ഫെബ്രുവരി മുതൽ 2007 നവംബർ വരെയായിരുന്നു. ആകെ 41 ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തത്. ഒന്നാം ഘട്ട പദ്ധതിയുടെ ധനകാര്യവിശകലനം ചുവടെ ചേർക്കുന്നു.

| ഫണ്ട് സ്രോതസ്സ് | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട് ഗ്രാമപഞ്ചായത്ത് | 4,00,000 | 2,87,500 | 1,12,500 |
| ബ്ലോക്ക് പഞ്ചായത്ത് | 51,720 | 0 | 51,720 |
| ജില്ലാ പഞ്ചായത്ത് | 2,50,000 | 1,40,000 | 1,10,000 |
| ചലഞ്ച് ഫണ്ട് | 6,53,625 | 3,79,247 | 2,74,378 |
| ആകെ | 13,55,345 | 8,06,747 | 5,48,598 |

ഒന്നാം ഘട്ടപദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞില്ല. പ്രസ്തുത പദ്ധതി റീവിസിറ്റ് നടത്തിയെങ്കിലും പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചില്ല. പ്രസ്തുത പദ്ധതിപ്രകാരം നാല് ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനും, അഞ്ച് പേർക്ക് ഭവനപുനരുദ്ധാരണത്തിനും, ജപ്തി ഒഴിവാക്കൽ നടപടികൾക്കായി മൂന്ന് പേർക്കും തുക നല്കുകയുണ്ടായി

ആശ്രയ രണ്ടാം ഘട്ട പദ്ധതി 2010 ൽ ആരംഭിച്ചു. ഈ പദ്ധതിയിലൂടെ എട്ട് ഗുണഭോക്താക്കൾക്ക് ഭവനം നിർമ്മിച്ച് നല്കി. ധനകാര്യവിശകലനം ചുവടെ ചേർക്കുന്നു.

| ഫണ്ട് സ്രോതസ്സ് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട് | 16,25,000 | 16,25,000 | 0 |
| ചലഞ്ച് ഫണ്ട് | 8,10,540 | 5,27,511 | 2,83,079 |
| ആകെ | 24,35,540 | 21,52,511 | 2,83,079 |

രണ്ടാം ഘട്ടത്തിൽ രണ്ട് ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നല്കുകയും നാല് പേർക്ക് വീട് മെയിന്റനൻസിന് തുകയും, 21 പേർക്ക് വിദ്യാഭ്യാസധനസഹായവും നല്കി.

ആശ്രയ പദ്ധതിയ്ക്ക് വേണ്ടി മൂന്ന് ബാങ്ക് അക്കൗണ്ടുകൾ നിലവിലുണ്ട്. പലിശയുൾപ്പെടെ ഈ അക്കൗണ്ടുകളിൽ ശേഷിയ്ക്കുന്ന തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നം. | നീക്കിയിരിപ്പ് |
|---|---|---|---|
| 1 | ധനലക്ഷ്മി ബാങ്ക്,<br>അയർക്കുന്നം | 009900100008930 | 45865 രൂപ<br>(30.6.16 ലെനീക്കിയിരിപ്പ്) |
| 2 | എസ്.ബി.റ്റി.,<br>ആറുമാനൂർ | 6706373378 | 205656.46രൂപ<br>(30.11.2015ലെ നീക്കിയിരിപ്പ്) |
| 3 | കാനറ ബാങ്ക്,<br>അയർക്കുന്നം | 3870101005344 | 631673രൂപ<br>(31.10.16 ലെ നീക്കിയിരിപ്പ്) |

** ഒന്നാം ഘട്ടത്തിന്റെ വികസന ഫണ്ടിന്റെയും, ചലഞ്ച് ഫണ്ടിന്റെയും യഥാർത്ഥ നീക്കിയിരിപ്പ് 5,48,598 രൂപയും, രണ്ടാം ഘട്ടത്തിന്റെ നീക്കിയിരിപ്പ് 2,83,079 രൂപയും ഉൾപ്പെടെ യഥാർഥ നീക്കിയിരിപ്പ് തുക 831677 രൂപയാണ്. എന്നാൽ പാസ്സ് ബുക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് 8,83,194.46 രൂപയാണ്. കുടുംബശ്രീയുടെ ജില്ലാ മിഷനിൽ നിന്നും ലഭിയ്ക്കുന്ന തുകയും, വിവിധ ആവശ്യങ്ങൾക്കുള്ള തുകയും ഈ അക്കൗണ്ടിൽ നിക്ഷേപിയ്ക്കുന്നതിനാലാണ് ഈ വ്യത്യാസം നിലനില്ക്കുന്നത്. ആയതിനാൽ ആശ്രയയ്ക്ക് വേണ്ടിയുള്ള നിലവിലുള്ള വിവിധ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് ഒരു അക്കൗണ്ട് മാത്രം നിലനിറുത്തേണ്ടതാണ്.

## 3-8 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2015-16 സാമ്പത്തിക വർഷം 62 പേർക്ക് തൊഴിൽ കാർഡ് നല്കി, 919 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ലേബർ ബഡ്ജറ്റ് പ്രകാരം തൻവർഷം 232 പദ്ധതികൾ വിഭാവനം ചെയ്യുകയും, 179 എണ്ണത്തിന് സാങ്കേതികാനുമതി ലഭിയ്ക്കുകയും, 176 പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്തു. ശരാശരി 34672 തൊഴിൽദിനങ്ങൾ സൃഷ്ടിയ്ക്കപ്പെട്ടു. 57 കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ നല്കാൻ കഴിഞ്ഞു. 542 കുടുംബങ്ങൾക്ക് 50 ൽ താഴെ തൊഴിൽദിനങ്ങൾ മാത്രമാണ് നല്കാൻ കഴിഞ്ഞത്. തോട് ആഴം കൂട്ടൽ-പുനരുദ്ധാരണം, മഴക്കുഴി നിർമ്മാണം, ഐ.എ.വൈ. ഭവന നിർമ്മാണം, ജലസംരക്ഷണ പ്രവർത്തനങ്ങൾ,കൈത്തോട് നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ്, വൃക്ഷത്തൈ വച്ചുപിടിപ്പിയ്ക്കൽ, സമ്പൂർണ്ണ ഭവനനിർമ്മാണം എന്നീ പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്.

തൻവർഷത്തെ വരവ് ചെലവ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,13,563 |
| വരവ്(ഇ.എഫ്.എം.എസ് ഉൾപ്പെടെ) | 62,71,793 |
| ആകെ | 63,85,356 |
| ചെലവ് | 63,85,356 |
| നീക്കിയിരിപ്പ് | 0 |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ വലിക്കൽ | ഡി.ഡി. നം.759844-759850/ 25.7.15 | 3,90,308 | -- | 3,90,308 |
| ,, | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | വൗച്ചർ നം. 21500958/18.3.16 | 15,395 | - | 15,395 |

ഈ തുകയുടെ വിവരം തൻവർഷത്തെ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,25,80,000 രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവന പദ്ധതി | 1816/ഡി.ബി.1/ 15/തസ്വഭവ/ 19.1.15 | 1,25,80,000 | -- | 20,00,000 | | 1,05,80,000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-2 | 2010-11 | 2-14 | ഡെപ്പോസിറ്റ് പ്രവൃർത്തി(കേരള വാട്ടർ അതോറിറ്റി) | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,64,53,497 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,25,56,284 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 97,45,703 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 97,45,703 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1977-78 | എൽ.എഫ്.കെ.പി.4-537/79/27.11.79 | | |
| 1996-97 (ചെലവ്) | എൽ.എഫ്.കെ.പി.3-206/98/ 9.9.00/10.11.00 | | |
| 1998-99 | എൽ.എഫ്.കെ.പി.6-271/00/ 6.10.00/29.12.01 | | |

| | | | |
|---|---|---|---|
| 1999-2000 (ചെലവ്) | എൽ.എഫ്.കെ.പി.11-537/14/7.1.15 | 22 | |
| 2000-01 &2001-02 (പ്ലാൻ) | എൽ.എഫ്.കെ.പി.6-1387/07/17.11.08 | | |
| 2000-01 | എൽ.എഫ്.കെ.പി.11-537/14 അദാ/23.12.14 | 3 | |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.പി.6-1007/04/19.4.08 | | |
| 2002-03(വരവ്) | എൽ.എഫ്.കെ.പി.6-845/07/ 20.04.09/12.6.09 | | |
| 2003-04 (ചെലവ്) | എൽ.എഫ്.കെ.പി.6-394/06/ 13.6.08/11.7.08 | | |
| 2004-05 | എൽ.എഫ്.കെ.പി.6-682/08 18.04.09/2.07.09 | | |
| 2005-06 | എൽ.എഫ്.കെ.പി.6-683/08/ 5.09.08/13.10.08 | | |
| 2006-07 | എൽ.എഫ്.കെ.പി.11-994/11/10.10.11 | | |
| 2007-08 | എൽ.എഫ്.കെ.പി.11-1840/13/13.1.14 | 10 | |
| 2008-09 | എൽ.എഫ്.കെ.പി.11-1532/13 /22.11.13 | 7 | |
| 2009-10 | എൽ.എഫ്.കെ.പി.11-1279/13 /22.11.13 | 4 | |
| 2010-11 &2011-12 | കെ.എസ്.എ-കെ.ടി.എം.പി.11-1656/15 /14.3.16 | 15 | |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി.11-1655/15 /30.3.16 | 22 | |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി.11-340/16 /31.3.16 | 27 | |

| | | | |
|---|---|---|---|
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.11-859/16 /27.6.16 | | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി/11/1790/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 03.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം